**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്, ശ്രീ. മോൻസ് ജോസഫ്, ശ്രീ. അനൂപ് ജേക്കബ് , ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂപതിവ് ചട്ടങ്ങൾ 1964, 1993 എന്നിവയിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. 1960 ലെ ഭൂ പതിവ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഒരു ബിൽ 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭ പാസാക്കുകയാണെങ്കിൽ ആയതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 1960 ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾക്ക് ബാധകമാകുന്ന രീതിയിൽ ഭേദഗതി ചട്ടം ആവശ്യമായി വരുന്നതാണ്.** |
| (ബി) | ഈ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണ നിരോധനം മൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | ഇടുക്കി ജില്ലയിൽ മാത്രമായി "നിർമ്മാണ നിരോധനം" ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് കൊടുത്ത ഭൂമിയിൽ അനുവദനീയമായ പ്രവൃത്തി മാത്രമേ പതിവ് ഭൂമികളിൽ നടത്താൻ സാധിക്കുകയുള്ളൂ. ഭൂപതിവ് ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ പതിവ് ഭൂമികളെ സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹൃതമാകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ